**<u>15 -ാം കേരള നിയമസഭ</u>**

**<u>7 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2555</u>** **<u>12-12-2022 - ൽ മറുപടിയ്ക്ക്</u>**

**<u>പൂഞ്ഞാർ മണ്ഡലത്തിലെ പാലങ്ങളുടെ പുനർനിർമ്മാണം</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | | **ശ്രീ. എം.ബി. രാജേഷ്**<br>**(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | പൂഞ്ഞാർ മണ്ഡലത്തിൽ 2021 ഒക്ടോബർ 16-ാം തീയതിയിലുണ്ടായ മഹാപ്രളയത്തിൽ തകർന്ന കൂട്ടിക്കൽ പഞ്ചായത്തിലെ ഒൻപതാം വാർഡിലെ പുല്ലകയാറിന് കുറുകെയുള്ള ഏന്തയാർ - മുക്കളം പാലം, മുണ്ടക്കയം ഗ്രാമപഞ്ചായത്തിലെ പതിനേഴാം വാർഡിലെ വെള്ളനാടി വള്ളക്കടവ് പാലം, കോരുത്തോട് ഗ്രാമപഞ്ചായത്ത് ആറാം വാർഡിലെ അഴുതയാറിന് കുറുകെയുള്ള തോപ്പുംപടി പാലം, ഈരാറ്റുപേട്ട മുനിസിപ്പാലിറ്റി ഒൻപതാം ഡിവിഷനിലെ കാരയ്ക്കാട് ചങ്ങാടകടവ് ഭാഗത്ത് മീനച്ചിലാറിന് കുറുകെയുള്ള പാലം എന്നീ നാലുപാലങ്ങളുടെ പുനർനിർമ്മാണത്തിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ? | (എ) | **<u>1. കൂട്ടിക്കൽ പഞ്ചായത്തിലെ 9-ാം വാർഡിലെ പുല്ലകയാറിന് കുറുകെയുള്ള ഏന്തയാർ - മുക്കളം പാലം</u>**<br><br>പുല്ലക ആറിന് കുറുകെയുള്ള ഏന്തയാർ മുക്കുളം പാലം പകുതി ഭാഗം കൂട്ടിക്കൽ പഞ്ചായത്തും പകുതി കൊക്കയാർ പഞ്ചായത്തിന്റെ അധീനതയിലുമുള്ളതാണ്. പാലം പൂർണ്ണമായി ഉരുൾപൊട്ടലിൽ തകർന്നുപോയിരുന്നു. ഇതുവരെ പാലം പുന:നിർമ്മാണം നടന്നിട്ടില്ല. പുനർ നിർമ്മിക്കാനുള്ള ചെലവായ നാലു കോടി എൺപത്തിമൂന്ന് ലക്ഷം രൂപ കണ്ടെത്തി പാലത്തിന്റെ പുന:നിർമ്മാണം നടത്താൻ ത്രിതല പഞ്ചായത്തിന് സാധിക്കുകയില്ല. 2022-23 - ലേയ്ക്കുള്ള ബഡ്ജറ്റിൽ ഈ പ്രോജക്ട് ഉൾപ്പെട്ടിരുന്നെങ്കിലും ഇരുപത് ശതമാനം ഫണ്ട് വകയിരുത്തിയിട്ടുള്ള പ്രവൃത്തികളിൽ ഈ പ്രോജക്ട് ഉൾപ്പെട്ടിട്ടില്ല. കൂടാതെ ടി പാലം PWD യുടെ - അധീനതയിലുള്ളതായിരുന്നു.<br><br>2. **<u>മുണ്ടക്കയം ഗ്രാമപഞ്ചായത്തിലെ 17-ാം വാർഡിലെ വെള്ളനാടി വള്ളക്കടവ് പാലം</u>**<br><br>16.10.2021 - ൽ ഈ പ്രദേശത്തുണ്ടായ മഹാപ്രളയത്തിൽ പാലം പൂർണ്ണമായും തകർന്ന് പോയിട്ടുണ്ട്.പ്രസ്തുത പാലം പൊതുമരാമത്ത് വകുപ്പിന്റെ കീഴിലാണ്.<br><br>**<u>3. കോരുത്തോട് ഗ്രാമപഞ്ചായത്തിലെ 6-ാം വാർഡിലെ അഴുതയാറിന് കുറുകെയുള്ള തോപ്പുംപടി പാലം</u>**<br><br>തോപ്പിൽ കടവിൽ നിലവിലുണ്ടായിരുന്ന പാലം കോട്ടയം ജില്ലയിലെ കോരുത്തോടിനെയും ഇടുക്കി ജില്ലയിലെ മൂഴിക്കൽ എന്ന സ്ഥലത്തെയും തമ്മിൽ ബന്ധിപ്പിച്ചിരുന്നു. പൂർണ്ണമായും വാഹന |

| | | | |
|---|---|---|---|
| | | | ഗതാഗതമുണ്ടായിരുന്ന ഒരു പ്രധാന പാലമായിരുന്നു. ഇക്കഴിഞ്ഞ പ്രളയത്തിൽ തകർന്ന പാലത്തിന്റെ പുനർനിർമ്മാണം നടത്തുന്ന വിഷയം പരിശോധിക്കുന്നതാണ്.<br><br>**4. <u>ഈരാറ്റുപേട്ട മുനിസിപ്പാലിറ്റി - 9-ാം ഡിവിഷനിലെ കാരയ്ക്കാട് ചങ്ങാട കടവ് ഭാഗത്ത് മീനച്ചിലാറിന് കുറുകെയുള്ള പാലം</u>**<br><br>പ്രളയത്തിൽ തകർന്ന പാലത്തിന്റെ പുനർ നിർമ്മാണം നടത്തുന്ന വിഷയം പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

# പതിനഞ്ചാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2555 12/12/2022-ൽ മറുപടിയ്ക്ക്

**<u>പൂഞ്ഞാർ മണ്ഡലത്തിലെ പാലങ്ങളുടെ പുനർനിർമ്മാണം</u>**

| ചോദ്യം<br><br>**ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** | | മറുപടി<br><br>**എം.ബി.രാജേഷ്**<br>(തദ്ദേശ സ്വയംഭരണം,<br>എക്സൈസ് വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | പൂഞ്ഞാർ മണ്ഡലത്തിൽ 2021 ഒക്ടോബർ 16-ാം തീയതിയിലുണ്ടായ മഹാപ്രളയത്തിൽ തകർന്ന കൂട്ടിക്കൽ പഞ്ചായത്തിലെ ഒൻപതാം വാർഡിലെ പുല്ലകയാറിന് കുറുകെയുള്ള ഏന്തയാർ - മുക്കളം പാലം, മുണ്ടക്കയം ഗ്രാമപഞ്ചായത്തിലെ പതിനേഴാം വാർഡിലെ വെള്ളനാടി വള്ളക്കടവ് പാലം, കോരുത്തോട് ഗ്രാമപഞ്ചായത്ത് ആറാം വാർഡിലെ അഴുതയാറിന് കുറുകെയുള്ള തോപ്പുംപടി പാലം, ഈരാറ്റുപേട്ട മുനിസിപ്പാലിറ്റി ഒൻപതാം ഡിവിഷനിലെ കാരയ്ക്കാട് ചങ്ങാടകടവ് ഭാഗത്ത് മീനച്ചിലാറിന് കുറുകെയുള്ള പാലം എന്നീ നാലുപാലങ്ങളുടെ പുനർനിർമ്മാണത്തിനായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ? | (എ) | 1. കൂട്ടിക്കൽ പഞ്ചായത്തിലെ 9-ാം വാർഡിലെ പുല്ലകയാറിന് കുറുകെയുള്ള ഏന്തയാർ - മുക്കളം പാലം പുല്ലക ആറിന് കുറുകെയുള്ള ഏന്തയാർ മുക്കുളം പാലം പകുതി ഭാഗം കൂട്ടിക്കൽ പഞ്ചായത്തും പകുതി കൊക്കയാർ പഞ്ചായത്തിന്റെ അധീനതയിലുമുള്ളതാണ്. പാലം പൂർണ്ണമായി ഉരുൾപൊട്ടലിൽ തകർന്നുപോയിരുന്നു. ഇതുവരെ പാലം പുന:നിർമ്മാണം നടന്നിട്ടില്ല. പുനർനിർമ്മിക്കാനുള്ള ചെലവ് ആയ നാലു കോടി എൺപത്തിമൂന്ന് ലക്ഷം കണ്ടെത്തി പാലത്തിന്റെ പുന:നിർമ്മാണം നടത്താൻ ത്രിതല പഞ്ചായത്തിന് സാധിക്കുകയില്ല. 2022-23 - ലേയ്ക്കുള്ള ബഡ്ജറ്റിൽ ഈ പ്രോജക്ട് ഉൾപ്പെട്ടിരുന്നെങ്കിലും ഇരുപത് ശതമാനം ഫണ്ട് വകയിരുത്തിയിട്ടുള്ള പ്രവൃത്തികളിൽ ഈ പ്രോജക്ട് ഉൾപ്പെട്ടിട്ടില്ല. കൂടാതെ ടി പാലം PWD യുടെ - യുടെ അധീനതയിലുള്ളതായിരുന്നു.<br><br>2. **<u>മുണ്ടക്കയം ഗ്രാമപഞ്ചായത്തിലെ 17-ാം വാർഡിലെ വെള്ളനാടി വള്ളക്കടവ് പാലം</u>** |

| | | | |
|---|---|---|---|
| | | | 16.10.2021 - ൽ ഈ പ്രദേശത്തുണ്ടായ മഹാപ്രളയത്തിൽ പാലം പൂർണ്ണമായും തകർന്ന് പോയിട്ടുണ്ട്. പ്രസ്തുത പാലം പൊതുമരാമത്തുവകുപ്പിന്റെ കീഴിലാണ്.<br><br>**3. കോരുത്തോട് ഗ്രാമപഞ്ചായത്തിലെ 6-ാം വാർഡിലെ അഴുതയാറിന് കുറുകെയുള്ള തോപ്പുംപടി പാലം**<br><br>തോപ്പിൽ കടവിൽ നിലവിലുണ്ടായിരുന്ന പാലം കോട്ടയം ജില്ലയിലെ കോരുത്തോടിനെയും ഇടുക്കി ജില്ലയിലെ മൂഴിക്കൽ എന്ന സ്ഥലത്തെയും തമ്മിൽ ബന്ധിപ്പിച്ചിരുന്നു. പൂർണ്ണമായും വാഹന ഗതാഗതമുണ്ടായിരുന്ന ഒരു പ്രധാന പാലമായിരുന്നു. ഇക്കഴിഞ്ഞ പ്രളയത്തിൽ തകർന്ന പാലത്തിന്റെ പുനർനിർമ്മാണം നടത്തുന്ന വിഷയം പരിശോധിക്കുന്നതാണ്.<br><br>**4. ഈരാറ്റുപേട്ട മുനിസിപ്പാലിറ്റി - 9-ാം ഡിവിഷനിലെ കാരയ്ക്കാട് ചങ്ങാട കടവ് ഭാഗത്ത് മീനച്ചിലാറിന് കുറുകെയുള്ള പാലം**<br><br>പ്രളയത്തിൽ തകർന്ന പാലത്തിന്റെ പുനർനിർമ്മാണം നടത്തുന്ന വിഷയം പരിശോധിക്കുന്നതാണ്. |

**M B RAJESH**
**MINISTER**